# ഫോറൻസിക് ലാബറട്ടറി ഉദ്ഘാടനം ശനിയാഴ്ച



ശാസ്ത്രീയ അന്വേഷണങ്ങൾക്കും ഗവേഷണങ്ങൾക്കും ആയി എറണാകുളം റൂറൽ ജില്ലയിൽ ഫോറൻസിക് സയൻസ് ലാബറട്ടറിയുടെ പ്രവർത്തനങ്ങൾക്ക് ശനിയാഴ്ച തുടക്കം കുറിയ്ക്കും. അങ്കമാലി പോലിസ്റ്റേഷൻ വളപ്പിൽ രണ്ടു നിലകളിലായി 3500 ഓളം സ്ക്വയർ ഫീറ്റിലാണ് ലാബ് പ്രവർത്തിക്കുക. അത്യാധുനിക സൗകര്യങ്ങളോടു കൂടിയുള്ള ലാബാണ് ഇതെന്നും, റൂറൽ ജില്ലയിലെ ശാസ്ത്രീയ അന്വേഷണങ്ങൾക്ക് ലാബിന്റെ പ്രവർത്തനം വേഗം പകരുമെന്നും ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്ക് പറഞ്ഞു. ശനിയാഴ്ച വൈകിട്ട് 3 ന് മുഖ്യമന്ത്രി പിണറായി വിജയനാണ് ലാബ് ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്യുന്നത്. ലാബ് എസ്.പി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.